ങ്ങളിൽ പ്രസ്താവന വന്നിട്ടുള്ളതു ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ; എന്തുകൊണ്ടാണ് അങ്ങനെ പറയുവാൻ ഇടവന്നതെന്നു പറയുമോ ?

ശ്രീ. മത്തായി മാഞ്ഞൂരാൻ : ഞാൻ പറഞ്ഞു എന്നു പറയുന്നതു എന്താണെന്നു പറയാതെ ഞാൻ പറഞ്ഞുവെന്നും ഞാൻ പറഞ്ഞിട്ടില്ലെന്നും അഭിപ്രായവ്യത്യാസം വന്നിട്ടുണ്ട്. ഇതിനെ സംബന്ധിച്ചു പറയുകയാണെങ്കിൽ കഴിഞ്ഞ മാസം 24-ാം തീയതി കണ്ണാടി എന്നു പേരുള്ള വില്ലേജിൽ ഞാൻ നടത്തിയ ഒരു പ്രസംഗം 29-ാം തീയതി പി. ടി. ഐ. റിപ്പോർട്ടു ചെയ്തിട്ടുണ്ട്. അതു സർവ്വാബദ്ധമാണെന്നു തമിഴ്നാട് ചീഫ് മിനിസ്റ്റർ ശ്രീ. കരുണാനിധിയോടു എന്റെ സ്വന്ത അഭിപ്രായം പറഞ്ഞിട്ടുണ്ട്.

ആരോഗ്യവകുപ്പിലെ പ്രമോഷനുകൾ

* 245 [877] ശ്രീ. പി. എസ്. ശ്രീനിവാസൻ:
,, എം. കെ. ദിവാകരൻ:
,, ടി. എ. മജീദ്:

താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യവകുപ്പിൽ അടുത്തകാലത്തു നടന്ന ഏതെങ്കിലും പ്രമോഷനുകളെ സംബന്ധിച്ചു എന്തെങ്കിലും പരാതികളുണ്ടായിട്ടുണ്ടോ;

(ബി) ഇവയിലേതിനെയെങ്കിലും കോടതിയിൽ ചോദ്യം ചെയ്തിട്ടുണ്ടോ;

(സി) ഇതു സംബന്ധിച്ചുണ്ടായ കോടതി വിധിയെന്ത്;

(ഡി) ക്ഷയം, കുഷ്ഠം എന്നീരോഗങ്ങൾ ചികൽസിക്കുവാൻ സ്പെഷ്യലൈസ് ചെയ്ത എത്ര വിദഗ്ദ്ധൻമാർ ഇന്നു മെഡിക്കൽ വകുപ്പിൽ ഉണ്ട്;

(ഇ) ലെപ്രസി സ്പെഷ്യൽ ആഫീസറായി നിയമിക്കപ്പെട്ടിരുന്ന ഡോ. ടി. എൻ. ഭട്ടതിരിപ്പാടിന് കുഷ്ഠരോഗ സംബന്ധമായി എന്തെങ്കിലും പ്രത്യേക പരീക്ഷായോഗ്യതയുണ്ടോ;

(എഫ്) ലെപ്രസി സ്പെഷ്യലാഫീസറായി നിയമിക്കപ്പെട്ടകാലം മുതലുള്ള സർവീസ് കണക്കാക്കി മുൻഗണന നൽകി ഡെപ്യൂട്ടി ഡയറക്ടറാക്കണമെന്നു കാണിച്ചു ശ്രീ. ഭട്ടതിരിപ്പാടു കൊടുത്ത അപേക്ഷ ഗവൺമെന്റും ഹൈക്കോടതിയും നിരസിക്കുകയുണ്ടായോ;

(ജി) ഈ ഗവൺമെന്റു മുൻ ഉത്തരവുകളേയും കോടതി വിധികളേയും മറികടന്നുകൊണ്ട് ശ്രീ. ഭട്ടതിരിപ്പാടിന് പ്രമോഷൻ കൊടുക്കുകയും അതു ഹൈക്കോടതി സ്റ്റേ ചെയ്യുകയുമുണ്ടായോ ?

ആരോഗ്യമന്ത്രി (ശ്രീ. ബി. വെല്ലിംഗ്ടൺ):

(എ) ആരോഗ്യവകുപ്പിൽ.....

ശ്രീ. കെ. കരുണാകരൻ: സർ, ഈ മന്ത്രി മറുപടി പറയേണ്ട. ഈ സഭ അഴിമതിക്കാരനാണെന്നു വിധിയെഴുതിയപ്പോഴും ഈ സഭയോടു അൽപ്പമെങ്കിലും ബഹുമാനം ഉണ്ടായിരുന്നെങ്കിൽ അദ്ദേഹം രാജിവെച്ചു പോകേണ്ടതായിരുന്നു. അങ്ങനെ ചെയ്തിരുന്നുവെങ്കിൽ അതു ഈ രാജ്യത്തിനു തന്നെ അഭിമാനകരമാകുമായിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. കെ. രാമകൃഷ്ണൻ: സർ, അങ്ങു പറഞ്ഞിട്ടാണ് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ എഴുന്നേറ്റു നിൽക്കുന്നത്.

ശ്രീമതി കെ. ആർ. ഗൗരി: സർ, ബഹുമാനപ്പെട്ട മന്ത്രിയെ ഉത്തരം പറയാൻ അനുവദിക്കണം.

ശ്രീ. കെ. എം. ജോർജ്: പാർലിമെന്ററി ഡെമോക്രസിയിൽ എവിടെയെങ്കിലും ഇങ്ങിനെ കേട്ടിട്ടുണ്ടോ സർ? അഴിമതിക്കാരനാണെന്നു തെളിഞ്ഞുകഴിഞ്ഞശേഷം ആ ആൾതന്നെ മന്ത്രിയായി തുടർന്നുകൊണ്ടു ഉത്തരം പറയുന്നതിൽ യാതൊരു അർത്ഥവുമില്ല. ഈ സഭയ്ക്കുതന്നെ അതു ആക്ഷേപകരമാണ്. അതുകൊണ്ടു ഉത്തരം പറയുവാൻ അനുവദിക്കരുതെന്നാണ് എനിക്കപേക്ഷിക്കുവാനുള്ളത്.

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: എല്ലാ ദിവസവും ഇങ്ങനെ തുടരാൻ പറ്റുകയില്ല സർ.

ഡെപ്യൂട്ടി സ്പീക്കർ: ഓർഡർ, ഓർഡർ.

(ശ്രീ. മാണി, ശ്രീ. ഇ. ജോൺ ജേക്കബ്ബ്, ശ്രീ. കെ. മൊയ്തീൻ കുട്ടി ഹാജി, ശ്രീ. അഹമ്മദ്, ശ്രീ. കെ. കരുണാകരൻ എന്നിവർ ശ്രീ. വെല്ലിംഗ്ടൺ ഉത്തരം പറയണ്ടാ എന്നു വിളിച്ചു പറഞ്ഞുകൊണ്ടിരുന്നു.)

(ശ്രീമതി കെ. ആർ. ഗൗരി, ശ്രീ. വി. എസ്. അച്ചുതാനന്ദൻ, ശ്രീ. ടി. കെ രാമകൃഷ്ണൻ എന്നിവർ എഴുന്നേറ്റുനിന്നു ഇതു ശരിയല്ല, മന്ത്രിക്കുത്തരം പറയാം എന്നു വിളിച്ച് പറഞ്ഞു കൊണ്ടിരുന്ന . സർവത്ര ബഹളമായിരുന്നു.)

ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. പി. എസ്. ശ്രീനിവാസനും ചോദ്യം ചോദിക്കാം. ചോദ്യം ചോദിച്ചാൽ ഉത്തരം പറയാൻ മന്ത്രിയെ വിളിക്കാതെ നിവൃത്തിയില്ല.

ശ്രീ. പി. എസ്. ശ്രീനിവാസൻ: ഇത്രയേറെ വികാരങ്ങളും ഈ മന്ത്രി ഉത്തരം പറയുന്നതിനെതിരായി ഈ സഭയിൽ ഉണ്ടാകുന്ന സ്ഥിതിക്കു ഞാൻ ചോദ്യം പിൻവലിക്കുകയാണ്.

ശ്രീ. എം. കെ. ദിവാകരൻ: സർ, ഞാനും ചോദ്യം പിൻവലിക്കുകയാണ്.

ശ്രീ. ടി. എ. മജീദ്: ഇത്രയധികം ഡിസ്പ്രൊഷർ സമ്പാദിച്ച ശ്രീ. വെല്ലിംഗ്ടനിൽ നിന്നും മറുപടി ഞാൻ പ്രതീക്ഷിക്കുന്നില്ല.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: ഇത്ര പ്രധാനപ്പെട്ട ഒരു കാര്യത്തിനു മറുപടി വേണ്ട എന്നുവച്ചോ?

ശ്രീ. ടി. എ. മജീദ്: അതിനു ഞങ്ങളും വേറെ വഴി നോക്കിക്കൊള്ളാം.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: 1957–59 കാലഘട്ടത്തിൽ ശ്രീ. കെ. സി. ജോർജിനെതിരായി ഇതുപോലെ.....

(ശ്രീ. ടി. എ. മജീദ്, ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ, ശ്രീ. ശേഷൻ, ശ്രീ. കരുണാകരൻ, ശ്രീ. മൊയ്തീൻകുട്ടി ഹാജി തുടങ്ങിയവർ പോയിൻറ് ഓഫ് ഓർഡർ വിളിച്ചുകൊണ്ടിരുന്നു.)

LIBRARY ARCHIVES Kerala Legislative Assembly